(സി) പുതിയ സഹസ്രാബ്ദം ആരംഭിക്കുന്ന ദിവസം എന്തെങ്കിലും സാംസ്കാരിക പരിപാടി നടത്തുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിന്റെ പരിപാടികൾ ജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. കണ്ണൂരിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 18-12-1999-ൽ പ്രശസ്ത സിനിമാതാരങ്ങളുടെ ഒരു ജനസമ്പർക്ക പരിപാടി നടക്കുകയുണ്ടായി. മാനവീയത്തിന്റെ ഭാഗമായി 1999 ഡിസംബർ 27 മുതൽ 31 വരെ വിവിധ പരിപാടികൾ കണ്ണൂർ ജില്ലയിൽ നടത്തുന്നുണ്ട്.

(ബി) വിവിധ സ്ഥാപനങ്ങളെയും ഇൻസ്റ്റിറ്റ്യൂട്ടുകളെയും അധികരിച്ച് സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനുപുറമെ അനുബന്ധത്തിൽ പറയുന്നവയും നടത്തുവാൻ പദ്ധതിയുണ്ട്.†

(സി) 1999 ഡിസംബർ 27 മുതൽ 31 വരെ എല്ലാ ജില്ലകളിലും വിവിധ പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ശ്രീ. കെ.ജെ. യേശുദാസിന്റെ ഗാനമേള, ഗോപിനാഥ് മുതുകാടിന്റെ മാജിക്ഷോ, കലാമണ്ഡലം ഗോപിയും സംഘവും അവതരിപ്പിക്കുന്ന കഥകളി തുടങ്ങി നിരവധി പരിപാടികൾ എല്ലാ ജില്ലകളിലുമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

26 (1240) കേരള കലാമണ്ഡലത്തിലെ ദിവസക്കൂലി അടിസ്ഥാനത്തിലുള്ള ജീവനക്കാർ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരള കലാമണ്ഡലത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇവർക്ക് നൽകുന്ന പ്രതിദിന വേതനം എത്രയാണ്;

(സി) ചികിത്സയ്ക്കുള്ള അഡ്വാൻസ് ഇവർക്ക് നൽകാൻ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കേരള കലാമണ്ഡലത്തിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ച ആർക്കെല്ലാം എത്ര രൂപവീതം ചികിത്സയ്ക്കുള്ള അഡ്വാൻസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ) വിവിധ തസ്തികകളിലായി മുപ്പതുപേരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇവർക്ക് പ്രതിമാസം രണ്ടായിരം രൂപ (നിശ്ചിത നിരക്കിൽ) വേതനം നൽകിവരുന്നു.

(സി) ചെയർമാന്റെ റിലീഫ് ഫണ്ടിൽനിന്നും കലാകാരന്മാർക്കും വിദ്യാർത്ഥികൾക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 98-99 ൽ കൃഷ്ണൻ നായർക്ക് ആറായിരം രൂപയും വാർഡ് നായി ജോലി ചെയ്യുന്ന ജീവനക്കാരന് സഹായധനമായി 5000 (അയ്യായിരം) രൂപയും അഡ്വാൻസ് ആയി 5000/- രൂപയും (അയ്യായിരം രൂപ മാത്രം) നൽകി. 1999-2000 വർഷത്തിൽ സെക്യൂരിറ്റി ജീവനക്കാരന് അഡ്വാൻസായി 5000/- രൂപ നൽകിയിട്ടുണ്ട്.

27 (1241) ജീവനക്കാർക്കുള്ള പെൻഷൻ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സാഹിത്യ അക്കാദമി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങളിൽ ഓരോന്നിലും എത്രപേർ വീതം ജോലി ചെയ്യുന്നു;

(ബി) ഓരോ സ്ഥാപനത്തിലും പ്രതിവർഷം എന്ത് തുക വീതം ശമ്പളയിനത്തിൽ നൽകുന്നുണ്ട്;

(സി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തിയാൽ പ്രതിവർഷം എന്തു തുക നൽകേണ്ടിവരും;

(ഡി) പെൻഷൻ നൽകാമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ശേഷം നൽകാതിരുന്നതിനുള്ള കാരണമെന്ത്;

(ഇ) എന്ന് മുതൽ പെൻഷൻ നൽകാനാണ് സർക്കാർ തീരുമാനിക്കുന്നത്?

ഉത്തരം

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാനമുദ്രണം പ്രസ്സിലും കൂടി 127, സാഹിത്യ അക്കാദമിയിൽ 25, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ 32, സംഗീതനാടക അക്കാദമിയിൽ 26, ലളിതകലാ അക്കാദമിയിൽ 15-ഉം ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാനമുദ്രണം പ്രസ്സിനും കൂടി 1,23,75,068 രൂപ, സാഹിത്യ അക്കാദമിക്ക് 15,65,656/- രൂപ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 31,55,380/- രൂപ, സംഗീത നാടക അക്കാദമിക്ക് 13,37,323 രൂപ, ലളിത കലാ അക്കാദമിക്ക് 9,09,326 രൂപയും ശമ്പളയിനത്തിൽ പ്രതിവർഷം നൽകുന്നുണ്ട്.

(സി) പെൻഷൻ ഘടന എപ്രകാരമെന്ന് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ കൃത്യമായി എന്ത് തുക നൽകേണ്ടിവരും എന്ന് ഇപ്പോൾ തിട്ടപ്പെടുത്തുവാനാവില്ല.

(ഡി)&(ഇ) സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ തീരുമാനം അധികം വൈകാതെ ഉണ്ടാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly